**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3649** **09-10-2025 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കൃഷിവകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ? | (എ) | കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കൃഷിവകുപ്പ് നടപ്പാക്കിയ പദ്ധതികളും അതിനായി ചിലവഴിച്ച തുകയും പഞ്ചായത്ത് തിരിച്ച് തയ്യാറാക്കിയത് **അനുബന്ധം** ആയി ചേർക്കുന്നു.<br><br>കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് 16 ഘട്ടത്തിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ പുഴക്കത്തോട് വെള്ളക്കെട്ട് നിവാരണ പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷം 54,24,976/- രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2022-23 ൽ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി ചെട്ടികുളങ്ങര പഞ്ചായത്തിൽ 28 മണ്ണ് ആരോഗ്യ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിനു 700 രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ